## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.997 — 10.02.2016 ലെ മറുപടിയ്ക്ക്

## കനകക്കുന്ന് കൊട്ടാരം

| ചോദ്യം<br>**ശ്രീ.കോലിയക്കോട്.എൻ. കൃഷ്ണൻ നായർ** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കനകക്കുന്ന് കൊട്ടാരത്തിൽ ചിത്ര പ്രദർശനത്തിനു വേണ്ട പിൻ അപ് ബോർഡും, സ്റ്റാൻഡും വാങ്ങിയതിൽ എ.ജി. കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയായിരുന്നു; | എ) | കനകക്കുന്ന് കൊട്ടാരത്തിൽ ചിത്ര പ്രദർശനത്തിനു വേണ്ട പിൻ അപ് ബോർഡുകളും സ്റ്റാൻഡുകളും വാങ്ങിയതു സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസിൽ നിന്നുള്ള ഇൻസ്പെക്ഷൻ റിപ്പോർട്ട് പ്രകാരം പത്രമാധ്യമങ്ങളിൽ പരസ്യം നൽകിയതായി കാണുന്നില്ല. ക്വട്ടേഷനുകൾ ഒരു വ്യക്തിയുടേതാണെന്നും, വിപണി വിലയേക്കാൾ കൂടിയ വില നൽകിയതായി കാണുന്നു എന്നീ പരാമർശങ്ങളാണ് ഉണ്ടായിരുന്നത്. |
| ബി) | അന്നത്തെ ടൂറിസം അഡീഷണൽ ഡയറക്ടർ (പി & പി) ഓഡിറ്റ് അന്വേഷണത്തിന് നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കനകക്കുന്ന് സൂപ്രണ്ട് ആയിരുന്ന ശ്രീ. സുബൈർ കുട്ടിക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; ഈ ഇടപാടിനെ കുറിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ടോ; ലോകായുക്തയിൽ പരാതി നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ? | ബി) | ഇല്ല. ടി സൂപ്രണ്ടിന് ഈ പർച്ചേസുമായി നേരിട്ട് ബന്ധമില്ലെന്ന് കണ്ടെത്തിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. ലോകായുക്തയിൽ നിന്നും വകുപ്പിന് പരാതിയൊന്നും ലഭിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടക്കുന്നതായി അറിയില്ല. |

സെക്ഷൻ ഓഫീസർ